പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1414 11.06.2019 ൽ മറുപടിയ്ക്ക്

**പട്ടിമറ്റം കെ.എസ്.ഇ.ബി.സെക്ഷൻ ആഫീസിനായി റവന്യൂ പുറമ്പോക്ക് ഭൂമി**

| **ചോദ്യം**<br>**ശ്രീ. വി.പി.സജീന്ദ്രൻ** | **മറുപടി**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | പട്ടിമറ്റം കെ.എസ്.ഇ.ബി.സെക്ഷൻ ആഫിസ് പ്രവർത്തിക്കുന്നതിന് സ്വന്തം സ്ഥലം ഇല്ലാത്തതിനാൽ പട്ടിമറ്റം വില്ലേജ് പരിധിയിൽ കണ്ടെത്തിയിട്ടുള്ള റവന്യൂ പുറമ്പോക്ക് ഭൂമി കെ.എസ്.ഇ.ബി. -ക്ക് കൈമാറുന്നതിന് തടസമുണ്ടോ;വ്യക്തമാക്കുമോ; | (എ) യും (ബി) യും കുന്നത്തുനാട് താലൂക്കിൽ ബ്ലോക്ക് 34, റീസർവ്വെ 81/3 ൽപ്പെട്ട 10.12 ആർ ഭൂമി കൈമാറ്റ വ്യവസ്ഥയിൽ പട്ടിമറ്റം KSEB ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിക്വിസിഷൻ സമർപ്പിച്ചിരുന്നതാണ്. എന്നാൽ KSEB സേവന വകുപ്പല്ലാത്തതിനാൽ പാട്ടവ്യവസ്ഥയിൽ മാത്രമേ ഭൂമി അനുവദിക്കാൻ കഴിയുകയുള്ളുവെന്ന വിവരവും ആവശ്യമെങ്കിൽ പാട്ടത്തിനുള്ള അപേക്ഷസമർപ്പിക്കുന്നതിനും KSEB യ്ക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും KSEB അപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ബി) | തടസമില്ലെങ്കിൽ എന്നത്തേക്ക് സ്ഥലം കൈമാറ്റം നടപടി പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ